LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ.നായനാർ : സി.പി.ഐ.(എം)-ന് ഇതിൽ പങ്കുണ്ടെന്ന് പറഞ്ഞത് തനി അസംബന്ധമാണ്. ഒരു പങ്കുമില്ല. ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുള്ളത് രാഷ്ട്രീയക്കാരെക്കുറിച്ചാണ്; പാർട്ടിയെക്കുറിച്ചല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : വിഷമദ്യക്കേസുമായി ബന്ധപ്പെട്ട് ഈ സഭയിലെ ഏതെങ്കിലും അംഗത്തിന്റെയോ അംഗങ്ങളുടേയോ പേരിൽ വല്ല കേസും നിലവിലുണ്ടോ?

ശ്രീ. ഇ.കെ.നായനാർ : പ്രത്യേകം ചോദ്യം ചോദിച്ചാൽ അന്വേഷിച്ച് പറയാം.

ശ്രീ. പി.പി.തങ്കച്ചൻ : 01.11.2000-ൽ മാതൃഭൂമി പത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി.കെ.രാമകൃഷ്ണൻ കോഴിക്കോട് വച്ച് നടത്തിയ ഒരു പ്രസംഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യാജച്ചാരായം കുടിച്ച് ആളുകൾ മരിച്ചത് ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയാണെന്നും ആ നിലയിൽ ഇത് സർക്കാരിന്റെ വീഴ്ചയാണെന്നുമാണ് റിപ്പോർട്ട്. ഈ നിലപാടിനോട് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി യോജിക്കുന്നുണ്ടോ?

ഫിഷറീസും സാംസ്കാരികവും വകുപ്പു മന്ത്രി (ശ്രീ. ടി.കെ.രാമകൃഷ്ണൻ) : അടൂർ മെമ്പർ നടത്തുന്ന ഷോപ്പിൽ നിന്നും കുടിച്ചു മരിച്ചു എന്നു പത്രത്തിൽ കണ്ടു. അതുകൊണ്ട് കോൺഗ്രസുകാരെല്ലാം ഇതാണ് ചെയ്യുന്നതെന്ന് ഞങ്ങൾ വല്ലവരും പറഞ്ഞോ?

ശ്രീ. ഇ.കെ.നായനാർ : ആ റിപ്പോർട്ട് ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കണം.

ശ്രീ. പി.പി.തങ്കച്ചൻ : 02.11.2000-ലെ മലയാള മനോരമയിൽ സി.പി.ഐ.(എം)-ന്റെ തിരുവനന്തപുരം ജില്ലാക്കമ്മിറ്റി ട്രാവൻകൂർ വൈൻസ് അബ്കാരി ഗ്രൂപ്പുകാരിൽ നിന്നും സംഭാവനയായി രണ്ടു ലക്ഷം രൂപ വാങ്ങിയതായി രസീതിന്റെ ചിത്രംസഹിതം വാർത്ത വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ.നായനാർ : മനോരമാ റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം ഇല്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*3) ടൂറിസം വികസനത്തിന് ആവിഷ്ക്കരിച്ച പദ്ധതികൾ

ശ്രീ. ടി.കെ.നൗഷാദ് :
ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. അലിഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി എൻ.കെ.രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയുടെ വിപുലീകരണത്തിന് സർക്കാർ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ടൂറിസം വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നാഷണൽ ജിയോഗ്രഫിക് മാഗസീൻ ലോകത്തിലെ ഏറ്റവും ആകർഷകമായ പത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഈ നേട്ടം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ടൂറിസം മേഖല വിപുലീകരിക്കുന്നതിന് ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കൽ, ടൂറിസം പ്രചരണം എന്നീ രംഗങ്ങളിലാണ് സർക്കാർ ഊന്നൽ നൽകുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ടൂറിസം വകുപ്പിലൂടെ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടപ്പിലാക്കിവരുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്.* അതുപോലെ ടൂറിസം പ്രചരണ രംഗത്ത് ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികളുടെ വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ബി, സി) വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ടൂറിസം വികസിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെയും ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകളുടെയും കമ്പ്യൂട്ടറൈസേഷനും, കൂടാതെ കേരള ടൂറിസത്തിന് തനതായ വെബ്സൈറ്റ്, കേരള ടൂറിസം സ്പോൺസർ ചെയ്യുന്ന ടൂറിസം സംബന്ധിച്ച് സി.ഡി.റോമുകൾ, ടൂറിസം കിയോസ്ക്കുകൾ എന്നിവയും വികസിപ്പിച്ചിട്ടുണ്ട്. ടൂറിസം രംഗത്ത് വിവര സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മുമ്പന്തിയിലാണ് കേരളം. ഇതിന്റെ വിശദാംശം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.*

(ഡി) തെരഞ്ഞെടുത്തിട്ടുണ്ട്. 'നാഷണൽ ജിയോഗ്രഫിക് മാഗസീനിൽ' കേരളത്തെപ്പറ്റി പ്രസിദ്ധീകരിക്കപ്പെട്ട താളുകൾ ഉൾപ്പെടുത്തി പ്രത്യേകമായൊരു ഫോൾഡർ തന്നെ കേരളാ ടൂറിസം പുറത്തിറക്കിയിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തും കേരളാ ടൂറിസം പങ്കെടുക്കുന്ന മേളകളിലും ഇൻഫർമേഷൻ സെന്ററുകൾ ഗവൺമെന്റ് ഓഫ് ഇന്ത്യാ ടൂറിസം ഓഫീസുകൾ എന്നിവയിലൂടെയും ഈ ഫോൾഡറുകൾ വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ നാഷണൽ ജിയോഗ്രഫിക് ട്രാവലറിലെ കേരളത്തെപ്പറ്റിയുള്ള വിശേഷണം

---

* അനുബന്ധം II (a, b)

* അനുബന്ധം II (c)

LIBRARY ARCHIVES Kerala Legislative Assembly

നിരവധി പരസ്യങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കേരളത്തെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള ആകാംഷ വിദേശ വിനോദസഞ്ചാരികളിലും ടൂർ ഓപ്പറേറ്റർമാരിലും സൃഷ്ടിക്കുന്നതിന് ടൂറിസം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

5 (*4) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം

ശ്രീ. കെ.ബാബു :
ശ്രീ. കെ.സി.ജോസഫ് :
ശ്രീ. ബി.വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തുള്ള നഗരങ്ങളെ ഹൈടെക്ക് സിറ്റികളാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടികളുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) വിവരസാങ്കേതികവിദ്യയിലൂടെ വികസനം സാധിക്കുന്നതിന് വിദേശ മൂലധനം ആകർഷിക്കുവാൻ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) വിവരസാങ്കേതികരംഗത്തെ വികസനത്തിനായി, ഐ.റ്റി. അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ.റ്റി. വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക, ഐ.റ്റി. സർക്കാരിൽ നടപ്പാക്കുക എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്തപദ്ധതികൾ ആവിഷ്ക്കരിച്ച്, ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ, സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്ന ഐ.റ്റി.നയം വിഭാവനം ചെയ്യുന്നു. ശക്തമായ ഒരു ഐ.റ്റി. അധിഷ്ഠിത വ്യവസായമേഖലയുടെ അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഏകജാലക ക്ലിയറൻസ് സംവിധാനം, 20 കോടി രൂപയോളം മുതൽ മുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ നടപ്പാക്കിവരുന്നു. വിവര സാങ്കേതിക വ്യവസായത്തിന് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, വിവര വിനിമയ സൗകര്യങ്ങൾ എന്നിവയെല്ലാം തന്നെ ടെക്നോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. ടെക്നോപാർക്കിലേക്ക് കൂടുതൽ പദ്ധതികൾ വന്നതോടുകൂടി പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ രംഗത്ത് പൂർണ്ണമായും കയറ്റുമതി ലക്ഷ്യമാക്കിയുള്ള യൂണിറ്റുകൾ വ്യവസായികൾക്ക് തുടങ്ങുന്നതിനായി കിൻഫ്രാ രണ്ട് ഇൻഫർമേഷൻ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചു വരുന്നു. എറണാകുളം ജില്ലയിലെ കാക്കനാട് സ്ഥാപിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി പാർക്കിനുവേണ്ടി 1,25,000 ചതുരശ്രഅടി വരുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മലപ്പുറം ജില്ലയിൽ കാക്കഞ്ചേരിയിൽ കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള 70 ഏക്കർ ഭൂമിയിൽ 10 ഏക്കർ ഭാഗത്ത് കിൻഫ്രാ സ്ഥാപിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (എ)

അനുബന്ധം 18.12.2000-ലെ നക്ഷത്രചിഹ്നമിട്ട 3-ാം നമ്പർ ചോദ്യം ദയവായി കാണുക.

കേരളത്തിൽ, ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറയിടുകയും സമഗ്രമായ പദ്ധതികൾ ആരംഭിക്കുകയും ചെയ്തത് കഴിഞ്ഞ ഏതാനും വർഷങ്ങളിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെയും സാമ്പത്തിക സഹായത്തോടെയും നിരവധി നൂതന പദ്ധതികൾ ഈ കാലയളവിൽ നടപ്പിലായിട്ടുണ്ട്. കഴിഞ്ഞ 4 കൊല്ലക്കാലയളവിൽ സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നടപ്പിലായ പ്രോജക്ടുകളുടെ സംക്ഷിപ്ത രൂപമാണ് താഴെ ചേർക്കുന്നത്.

1. വേളി - അന്തർദേശീയ നിലവാരമുള്ള വിനോദസഞ്ചാര കേന്ദ്രം

തിരുവനന്തപുരം ജില്ലയിലെ വേളി അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു. സ്വകാര്യമേഖലയുടെ സജീവ പങ്കാളിത്തത്തോടെ വേളിയിൽ ലോകനിലവാരത്തിലുള്ള അമ്യൂസ്മെന്റ് പാർക്ക് ഓഷ്യനേറിയം, ഡോൾഫിനേറിയം എന്നിവ നിലവിൽവരും. ഈ സംരംഭങ്ങൾ ഒരുക്കുന്നതിന് ഇതിനകം 14 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. 11 ഏക്കറോളം സ്ഥലം കൂടുതൽ പദ്ധതികൾക്കായി ഏറ്റെടുക്കാനും തീരുമാനമായിട്ടുണ്ട്.

2. തെന്മല - കേരളത്തിൽ ആദ്യത്തെ ഇക്കോ ടൂറിസം സംരംഭം

പ്രകൃതിയെ അറിഞ്ഞും പരിപാലിച്ചും, പരിസ്ഥിതിയിലെ സന്തുലിതാവസ്ഥ സംരക്ഷിച്ചും കൊണ്ടുള്ള ഇക്കോ 'ടൂറിസം പദ്ധതിക്ക് തെന്മലയിൽ തുടക്കമായി ടൂറിസം, വനം, ജലസേചനം എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ തെന്മലയിൽ നടക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കാൻ 'തെന്മല എക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനങ്ങളായ തെന്മല ഡാം പരിസരത്തെ പൂന്തോട്ട നിർമ്മാണം, ഡീർ പാർക്ക്; വാക്ക് ഇൻ ഏവറി, മ്യൂസിക് ഫൗണ്ടൻ എന്നിവ പൂർത്തിയായി വരുന്നു.

3. കണ്ണൂരിന്റെ ടൂറിസം വികസനം : - മലബാറിന് മുതൽക്കൂട്ട്

കണ്ണൂർ ജില്ലയിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ട് കൊല്ലമായി ശക്തമായ പിന്തുണയാണ് ടൂറിസം വകുപ്പ് നൽകി വരുന്നത്. മുഴുപ്പിലങ്ങാട്ടെയും പയ്യാമ്പലം കടപ്പുറത്തെയും വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ ധർമടം ഐലന്റ്, തലശ്ശേരി ഫോർട്ട്, കണ്ണൂർ ഫോർട്ട് എന്നീ പ്രദേശങ്ങൾ ടൂറിസം പ്രാധാന്യമുള്ളതായിത്തീരും. ഈ പ്രോജക്ടുകൾ പൂർത്തിയാകുന്നതോടെ മലബാറിന്റെ പ്രാധാന്യം വർദ്ധിക്കുന്നു.

4. കോവളം - അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിയ്ക്കുന്നു

അന്താരാഷ്ട്ര പ്രാധാന്യമുള്ള കോവളം ബീച്ചിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുകയും, ശുദ്ധജലവിതരണം ആരംഭിക്കുകയും, ലൈറ്റിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കോവളത്തെ സ്ഥിരം പരാതിയായ മാലിന്യശല്യം ഇല്ലാതാക്കാനായി ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സഞ്ചാരികളുടെ സുരക്ഷിതത്വം മുൻനിർത്തി കൂടുതൽ ലൈഫ്ഗാർഡുകളെ തീരത്തുടനീളം വിന്യസിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. വർക്കല - പാപനാശം ബീച്ചിൽ സമഗ്ര വികസനം

ദക്ഷിണകാശി എന്നറിയപ്പെടുന്ന വർക്കല ജനാർദ്ദന ക്ഷേത്രം പാപനാശം ബീച്ചിനോട് തൊട്ടുരുമ്മി കിടക്കുന്നു. ഏറ്റവും വ്യത്തിയുള്ളതും മനോഹരവുമായ പാപനാശം ബീച്ച് സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാതകൾ നിർമ്മിക്കുകയും തീരത്ത് ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയും, വർക്കല ക്ളിഫ് ഏരിയ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വന്നെത്തുന്ന സഞ്ചാരികൾക്ക് വിവരം നൽകുന്നതിനായി വർക്കല റെയിൽവേ സ്റ്റേഷനിൽ ഒരു ഇൻഫർമേഷൻ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വർക്കല ഗസ്റ്റ്ഹൗസ് പരിസരത്ത് ഒരു ടൂറിസ്റ്റ് അമിനിറ്റിസെന്റർ ഉടനെ പണിതീർക്കുന്നതാണ്. 25 ലക്ഷം രൂപ ചെലവിലാണ് ഇത് നിർമ്മിക്കുന്നത്.

6. ഫോർട്ട് കൊച്ചി - പാരമ്പര്യം സംരക്ഷിക്കാൻ സമഗ്ര പദ്ധതി

3 കോടി രൂപ ചെലവ് ചെയ്ത് ഫോർട്ട് കൊച്ചിയിൽ മട്ടാഞ്ചേരി ജൂത ടൗൺ പരിസരവും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹെറിറ്റേജ് കോംപ്ലക്സായി വികസിപ്പിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

7. പൊൻമുടി - ശ്രദ്ധിക്കപ്പെടുന്ന ഹിൽസ്റ്റേഷൻ

പ്രസിദ്ധ ഹിൽസ്റ്റേഷനായ പൊൻമുടിയിൽ താമസസൗകര്യങ്ങൾ വളരെയേറെ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ ഇതിനകം എടുത്തിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ടൂറിസം കോംപ്ലക്സ് ഉടനെ നിലവിൽ വരും ഒരു ഇൻഫർമേഷൻ സെന്ററും കുട്ടികളുടെ പാർക്കും സജ്ജമായിട്ടുണ്ട്.

8. പാതിരാ മണൽ - കായലോര റിസോർട്ട്

പാതിരാമണലിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഒരു കായലോര റിസോർട്ട് സ്ഥാപിക്കാനാവശ്യമായ നടപടികൾ എടുത്തു വരുന്നു.

9. വാഗമൺ - അന്തർദേശീയ നിലവാരത്തിലേക്ക്

ഇടുക്കി ജില്ലയിലെ വാഗമൺ അന്തർദേശീയ നിലവാരത്തിലുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉടനെ മാറും. ലോകോത്തര നിലവാരമുള്ള ഗോൾഫ് കോഴ്സ്, നക്ഷത്രഹോട്ടലുകൾ, ഹെലിപ്പാഡ് എന്നിവ ഉൾക്കൊള്ളുന്ന ഒരു നൂതന ടൂറിസം സങ്കൽപം വാഗമൺ മലകളിൽ കേരളാ ടൂറിസം സാക്ഷാത്ക്കരിക്കുന്നു. ഇതിനായി 751 ഹെക്ടർ ഭൂമി ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റു ബോർഡിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്.

10. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സമഗ്രമായ വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ കൈക്കൊണ്ട പ്രോജക്ടുകളുടെ സംഗ്രഹമാണ് ചുവടെ ചേർക്കുന്നത്.

(1) സ്ഥലനാമ വിവരണ ബോർഡുകൾ

കേരളത്തിലെ പ്രധാന റോഡുകളിലും, കായലോര തീരങ്ങളിലും മികച്ച നിലവാരത്തിലുള്ള സ്ഥലനാമ വിവരണ ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞു. 'നാറ്റ്പാക്' നൽകിയ വിശദമായ വിവരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ട് പൂർത്തീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(2) കായലോര വികസനം – ടൂറിസം രംഗത്തെ നൂതനാശയം

കേരളത്തിലെ സമൃദ്ധമായ കായൽ പരപ്പുകളുടെ സമ്പൂർണ പരിരക്ഷ മുൻനിറുത്തുകയും സഞ്ചാരികളെ ആകർഷിക്കാനുതകുന്ന നൂതന പദ്ധതികൾ കണക്കിലെടുത്തുകൊണ്ടും ചില നടപടികൾ ടൂറിസം വകുപ്പ് എടുത്തിട്ടുണ്ട്.

(എ). ആലപ്പുഴ, കുമരകം, തണ്ണീർമുക്കം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാൻ നടപടിയായി.

(ബി). പമ്പാ-കുട്ടനാട് കായൽ പ്രദേശം നാറ്റ്പാക്കിന്റെ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങി. പള്ളാതുരുത്തി, നെടുമുടി, കോതറത്തോട്, വട്ടക്കായൽ എന്നിവിടങ്ങളിൽ റിസോർട്ടുകൾ സ്ഥാപിക്കുന്നതാണ്.

(സി) അഷ്ടമുടിയുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഒരു ഗേറ്റ്വേ സ്ഥാപിക്കാനുള്ള നടപടിയും, ആനന്ദവല്ലീശ്വരത്തും, കണ്ണേറ്റിലും വാട്ടർസൈഡ് അമിനിറ്റി ഏർപ്പെടുത്തുന്നതിനും നടപടികൾ ആയി.

(ഡി). മലബാറിൽ ഹൗസ് ബോട്ടുകൾക്കു തുടക്കമായി, നീലേശ്വരം, പറശ്ശിനിക്കടവ്, കോഴിക്കോട്, ചേറ്റുവപ്രദേശങ്ങളിൽ ഹൗസ്ബോട്ട് സർവീസ് ആരംഭിക്കുന്നതാണ്.

(ഇ). ജലസേചന വകുപ്പിന്റെ കീഴിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ കോവളം – കൊല്ലം വാട്ടർവേയുടെ പണി ഉടൻ ആരംഭിക്കുന്നു.

(എഫ്). കായംകുളം, ആറൻമുള വാട്ടർസൈഡ് അമിനിറ്റികൾ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു; ആലുംകടവ് വാട്ടർസൈഡ് അമിനിറ്റിയുടെ നിർമ്മാണം പൂർത്തിയായി.

(ജി). യാത്രിനിവാസ് ആലപ്പുഴ
" കൊച്ചി
" മലയാറ്റൂർ
" പീരുമേട്, ചങ്ങനാശ്ശേരി

വഴിയോര വിശ്രമകേന്ദ്രങ്ങളായ കുറ്റിപ്പുറം, വാളറ, വടകര, ടൂറിസ്റ്റ് റിസോർട്ട്, ആതിരപ്പള്ളി, ബീച്ച് റിസോർട്ട് പരവൂർ എന്നിവ പൂർത്തീകരിച്ചു. കോഴിക്കോട്, കാലടി, ഗുരുവായൂർ, നെല്ലിയാംപതി, തിരുനെല്ലി, കൊണ്ടോട്ടി, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിൽ യാത്രിനിവാസുകളുടെ നിർമ്മാണം നടന്നു വരുന്നു. എരുമേലിയിലെ തീർത്ഥാടന കേന്ദ്രത്തിന്റെയും മൂന്നാറിൽ യാത്രിനിവാസിന്റെയും പണി ഈ വർഷം തുടങ്ങും.

(എച്ച്). മൂന്നാർ, തേക്കടി, വൈത്തിരി എന്നിവിടങ്ങളിൽ കേന്ദ്രസാമ്പത്തിക സഹായത്തോടെ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

(ഐ). തേക്കടി – മൂന്നാർ റോഡിന്റെ വികസനം.

(ജെ). കാഞ്ഞിരപ്പുഴ ഡാമിലെ ടൂറിസം വികസനം.

3. തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയവും തൃപ്പൂണിത്തുറയിലെ ഹിൽ പാലസും ടൂറിസം വകുപ്പ് പുരാവസ്തു വകുപ്പുമായി ചേർന്ന് സംരക്ഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. തൃശ്ശൂരിലെ വടക്കുംനാഥ ക്ഷേത്രവും സെക്രട്ടേറിയറ്റ് മന്ദിരവും ദീപാലങ്കാരം ചെയ്തു കഴിഞ്ഞു.

5. കനകക്കുന്നിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാനും കൊട്ടാര സമുച്ചയത്തിന്റെ പ്രൗഢിവർദ്ധിപ്പിക്കാനും കനകക്കുന്ന് പരിസരം മോടിപിടിപ്പിക്കാനുമുള്ള ഒരു പദ്ധതി നിലവിൽ വരുന്നു ഇവിടെ ലോകനിലവാരത്തിലുള്ള എക്സിബിഷൻ ഗ്രൗണ്ടും വർണ്ണമനോഹരമായ പൂന്തോട്ടവും ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നു.

6. ഗസ്റ്റ് ഹൗസുകൾ

ആലപ്പുഴയിൽ പുതിയ ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനമാരംഭിച്ചു. പത്തനംതിട്ട ഗസ്റ്റ് ഹൗസിന്റെ പണിപൂർത്തിയായി വരുന്നു. മുംബൈയിലെ ഗസ്റ്റ് ഹൗസിന്റെ പണി ത്വരിതഗതിയിൽ നടന്നുവരുന്നു. എറണാകുളം അഡീഷണൽ ഗസ്റ്റ്ഹൗസിന്റെയും പാലക്കാട് ഗസ്റ്റ് ഹൗസിന്റെയും പണി ആരംഭിച്ചു.

7. ബേക്കൽ

ബേക്കലിൽ റിസോർട്ട് സൈറ്റുകൾ വിപണനത്തിനു തയ്യാറായിക്കഴിഞ്ഞു. താജ്, ഒബ്റോയ് എന്നീ ഗ്രൂപ്പുകളുമായി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സംയുക്തസംരംഭങ്ങൾ ഓരോ റിസോർട്ട് സൈറ്റുകൾ നല്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഹോട്ടൽ രംഗത്തെ പ്രമുഖരായ ഈ രണ്ടു ഗ്രൂപ്പുകളുടെ സാന്നിദ്ധ്യം ബേക്കൽ പ്രദേശത്തേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും മറ്റും റിസോർട്ട് സൈറ്റുകൾ ഗുണകരമായി വിപണനം ചെയ്യാനും അതുവഴി ഈ പ്രദേശത്തിന്റെയും മലബാർ പ്രദേശത്തെയും വികസനത്തിനുതകുകയും ചെയ്യും. ബേക്കൽ പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആസ്ഥാനം ബേക്കലിലേക്ക് മാറ്റാനും തീരുമാനമായിട്ടുണ്ട്.

8. കേരളാ ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്

ടൂറിസം, ഹോസ്പിറ്റാലിറ്റി രംഗങ്ങളിലെ പുതിയ പ്രവണതയും ആവശ്യങ്ങളും കണക്കിലെടുത്ത് കൊണ്ട് ഈ രംഗത്ത് കൂടുതൽ പഠന സൗകര്യങ്ങളും കോഴ്സുകളും സംസ്ഥാന സർക്കാർ ഉടമയിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഏർപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് തൈക്കാട് ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ട്രെയിനിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിറ്റ്സ് തുടക്കമിട്ടിട്ടുണ്ട്.

9. കെ. റ്റി. ഡി. സി

നഷ്ടത്തിലായിരുന്ന കെ. റ്റി. ഡി. സി. യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും സഞ്ചിത നഷ്ടം മുഴുവൻ നികത്തി പ്രവർത്തനം ലാഭകരമാക്കുകയും ചെയ്തു. പുതുതായി മൂന്നാറിൽ പണിക്കഴിപ്പിച്ച 'ടീ കൗണ്ടി' ഹോട്ടൽ ഇതിനകം പ്രശസ്തിയാർജ്ജിച്ചു കഴിഞ്ഞു. കുമരകത്തെ ഹോട്ടൽ കോംപ്ലക്സിന്റെയും ബോൾഗാട്ടിയിലെ നവീകരണ പ്രവർത്തനങ്ങളുടെയും പണി പൂർത്തിയായിവരുന്നു. ചെന്നൈയിലെ അതിഥിമന്ദിരം/ഹോട്ടൽ കോംപ്ലക്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടൽ പഞ്ചനക്ഷത്ര ഡീലക്സ് ഹോട്ടലാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (b)

ടൂറിസം മേഖലയുടെ വിപുലീകരണത്തിനായി സർക്കാർ കഴിഞ്ഞ ഏതാനും വർഷമായി നിരവധി ആകർഷങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസം വികസനത്തിൽ പരസ്യപ്രചാരണ പരിപാടികൾക്ക് അദ്വിതീയമായ സ്ഥാനമാണുള്ളത്. ഈ രംഗത്ത് ലോകത്തിലെ തന്നെ ഇതര പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ അപേക്ഷിച്ച് മുന്നേറാൻ കേരളാ ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ട്.

(1) പരസ്യ-പ്രചാരണ തന്ത്രങ്ങളിൽ പരമപ്രധാനം ലോകത്തിൽ ഏറ്റവും പ്രചാരമുള്ള ട്രാവൽ-ടൂറിസം പ്രസിദ്ധീകരണങ്ങളിൽ കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ ആകർഷണീയമായ രീതിയിൽ അവതരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുകയെന്നതാണ്. ഈ മേഖലയിൽ കോടിക്കണക്കിന് രൂപയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളാ ടൂറിസം ചെലവാക്കി വരുന്നത്. ലോകത്തിലെ ഏറ്റവും പ്രചാരമുള്ള പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങൾ കണ്ട് ആയിരക്കണക്കിന് അന്വേഷണങ്ങളാണ് സംസ്ഥാന ടൂറിസം വകുപ്പിന് ലഭിക്കുന്നത് . ഇവരിൽ ഭൂരിപക്ഷവും സംസ്ഥാനം സന്ദർശിക്കുന്നതായ കണക്കുകൾ കാണിക്കുന്നു. കേരളത്തിന്റെ ഏറ്റവും സാദ്ധ്യതയേറിയ മാർക്കറ്റായി കണ്ടെത്തിയിട്ടുള്ള ഗൾഫ് മേഖലയ്ക്ക് മാത്രമായിപ്പോലും പരസ്യതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(2) അച്ചടി മാധ്യമങ്ങളിലെ പരസ്യങ്ങൾ കൂടാതെ പ്രധാനപ്പെട്ട വെബ്സൈറ്റുകളിലും കേരളാ ടൂറിസത്തിന്റെ പരസ്യങ്ങൾ നൽകിവരുന്നു.

(3) കേരളാ ടൂറിസത്തിന്റെ ചരിത്രത്തിൽ ആദ്യമായി ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകപ്പെട്ടു. ഇത് അഭൂതപൂർവമായ പ്രതികരണമാണ് ഉളവാക്കിയത്. ലോകപ്രശസ്ത ക്യാമറാമാനും സിനിമാ സംവിധായകനും ആയ ശ്രീ. സന്തോഷ് ശിവൻ നിർമ്മിച്ച കേരളാ ടൂറിസത്തിന്റെ പരസ്യചിത്രങ്ങൾ കഴിഞ്ഞ വർഷം സ്റ്റാർ ടി. വി. സോണി, ഡിസ്കവറി ചാനൽ, റ്റി. എൻ. റ്റി തുടങ്ങിയ ചാനലുകളിലൂടെ നൽകി. ലോകനിലവാരമുള്ള ഈ പരസ്യചിത്രങ്ങൾ ഏവരുടെയും പ്രശംസപിടിച്ചുപറ്റുകയുണ്ടായി.

(4) ലോകത്തിലെ ഏറ്റവും പ്രധാന ടൂറിസം മേളകളാണ് ബർലിനിൽ നടക്കുന്ന ഐറ്റിബി (ITB), ലണ്ടനിൽ നടക്കുന്ന ഡബ്ല്യൂ. റ്റി. എം., ദുബായിലെ എ. റ്റി എം. എന്നിവ. കേരളാ ടൂറിസം തുടർച്ചയായി ഈ മേളകളിൽ 'കേരളാ പവലിയൻ' എന്ന നൂതന ആശയവുമായി ശ്രദ്ധേയമായി. ലോകത്തിലെ ഒന്നാംകിട ടൂർ ഓപ്പറേറ്റർമാരും മാധ്യമ പ്രതിനിധികളും സന്ദർശിക്കുന്ന ഈ മേളകളിൽ കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാർ, റിസോർട്ട് ഉടമ, ഹോട്ടലുകൾ എന്നിവരൊത്താണ് കേരളാ ടൂറിസം പങ്കെടുത്തത്. ഇതിലൂടെ കേരളം ഒന്നായി മാർക്കറ്റ് ചെയ്യുക എന്ന നൂതനപദ്ധതിയാണ് നടപ്പിലായത്. പ്രസ്തുത മേളകളിലെ 'ഇന്ത്യപവലിയനിൽ' ഏറ്റവും ശ്രദ്ധേയമായത് 'കേരളാ മിനി പവലിയൻ' ആണ്.

(5) കേരളാ പവലിയൻ എന്ന ആശയം ആഭ്യന്തര ടൂറിസം മേളകളിലും നടപ്പിലാക്കപ്പെട്ടു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ടൂറിസം മേളകളിലും 'കേരളാ പവലിയനും' അതിലൂടെ കേരളാ ടൂറിസവും ശ്രദ്ധാകേന്ദ്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) പ്രചാരണോപാധികളിൽ മറ്റൊരു പ്രമുഖസ്ഥാനം നമ്മുടെ ബ്രോഷറുകൾക്കാണ്. ഇന്ത്യയിൽതന്നെ ഏറ്റവും വൈവിധ്യമാർന്ന ബ്രോഷറുകൾ പുറത്തിറക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ സമഗ്ര ടൂറിസം വിവരങ്ങൾ നൽകുന്ന 'കേരളാ കമ്പാനിയൻ' എന്ന ബ്രോഷർ ഇതിനകം ലോകശ്രദ്ധ പിടിച്ചുപറ്റി കഴിഞ്ഞു. ഓരോ ജില്ലകളുടെയും വിവരങ്ങൾ അടങ്ങുന്ന ജില്ലാ ബ്രോഷറുകൾ, തേക്കടി, മൂന്നാർ തുടങ്ങിയവയ്ക്കായി പ്രത്യേക ബ്രോഷറും വരും വർഷങ്ങളിലെ കേരളത്തിലെ പ്രമുഖ പരമ്പരാഗത ഉൽസവങ്ങളുടെ തീയതികൾ ഉൾക്കൊള്ളുന്ന പ്രത്യേക ബ്രോഷറുകൾ. ആയുർവേദ ബ്രോഷർ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷർ തുടങ്ങിയവ ചിലതുമാത്രം. ഈ ബ്രോഷറുകൾ സംസ്ഥാന ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ സെന്ററുകളിലും ഇന്ത്യയിലും വിദേശത്തുമുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ ടൂറിസ്റ്റ് ഓഫീസുകൾ വിദേശ ടൂർ ഓപ്പറേറ്റർമാർ മാധ്യമങ്ങൾ തുടങ്ങിയവർക്ക് കൃത്യമായി അയച്ചുകൊടുക്കുന്നു.

(7) ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനത്തിന്റെ മാത്രമായി ടൂറിസം വികസനത്തിന്റെ സാദ്ധ്യതകൾ വിവരിക്കുന്ന കേരളാ ട്രാവൽമാർട്ട് - 2000 ഒക്ടോബർ 3 മുതൽ 5 വരെ കൊച്ചിയിൽ നടത്തി. കേരളത്തിലെ പ്രമുഖരായ എല്ലാ ടൂർ ഓപ്പറേറ്റർമാരുടെയും റിസോർട്ട് - ഹോട്ടലുകളുടേയും കൂടാതെ എയർലൈനുകൾ, മറ്റ് ടൂറിസം ഏജൻസികൾ എന്നിവരുടെയും സ്റ്റാളുകൾ അണിനിരന്ന കേരളാ ട്രാവൽ മാർട്ടിൽ ലോകത്തിലെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരാണ് പങ്കെടുത്തത്. കേരളത്തിന്റെ വികസന സാധ്യതകൾ ഏറ്റവും കൂടുതൽ പ്രചരിപ്പിക്കുന്നതിന് ഈ മേള സഹായകമായി. കേരളത്തിലെ പല ഹോട്ടൽ റിസോർട്ടുകൾക്കും നേരിട്ടുള്ള ബിസിനസ്സാണ് ഈ മേളയിലൂടെ സാധ്യമായത്.

(8) . പുതിയ മാർക്കറ്റിംഗ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കേരളാ ടൂറിസം ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ്ഷോകൾ നടത്തി. ബോംബെ, ഡൽഹി, അഹമ്മദാബാദ് തുടങ്ങിയ നഗരങ്ങളിൽ നടത്തിയ റോഡ്ഷോകളിൽ കേരളത്തിലെ ടൂറിസം വ്യവസായ രംഗത്തെ പ്രമുഖരും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുള്ളവരും പങ്കെടുത്തു.

(9) കൃത്രിമമായ മേളകൾ വിനോദസഞ്ചാരികൾ വെറുക്കുന്നു എന്ന് പഠനങ്ങളിലൂടെ വ്യക്തമായ സാഹചര്യത്തിൽ ഗജമേള, ഗ്രാമം തുടങ്ങിയ കൃത്രിമ മേളകൾ അവസാനിപ്പിക്കുകയും കേരളത്തിന്റെ സംസ്കാരത്തിന്റെ തുടിപ്പുകൾ ഉൾകൊള്ളുന്ന പരമ്പരാഗത മേളകളെ സാമ്പത്തിക മായും അല്ലാതെയും പ്രോത്സാഹിപ്പിക്കുക എന്ന നയം സ്വീകരിച്ചു. ഇന്ന് തൃശ്ശൂർ പൂരവും, ഉത്രാളിക്കാവ് പൂരവും ചന്ദനക്കുട മഹോത്സവവും മലയാറ്റൂർ പെരുന്നാളും കണ്ട് കേരളത്തിന്റെ സംസ്കാരം പങ്കിടുന്നതിനായി നിരവധി സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികൾ കേരളത്തിലെത്തുന്നു.

(10) നേരിട്ടുള്ള മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിനായി 'ഡയറക്ട് മെയിലിംഗ്' പോലുള്ള വിവിധ പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങളും പരീക്ഷിച്ചു വരുന്നു.

(11) സ്പെയിൻ, നെതർലാൻഡ്, ജപ്പാൻ, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ പുതിയ മാർക്കറ്റുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിലെ പ്രമുഖ നഗരങ്ങളിൽ കേരളത്തെക്കുറിച്ചുള്ള പ്രസന്റേഷനുകൾ നടന്നുകഴിഞ്ഞു.

അനുബന്ധം II (C)

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ടൂറിസം വികസിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. ടൂറിസം വകുപ്പിന്റെയും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളുടെയും കമ്പ്യൂട്ടറൈസേഷൻ, ടൂറിസം വകുപ്പിന് തനതായ വെബ്സൈറ്റ്, സി. ഡിറോം, ടൂറിസം കിയോസ്കുൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

(1) കമ്പ്യൂട്ടറൈസേഷൻ : ടൂറിസം വകുപ്പിലെ വിവിധ ഓഫീസുകളുടെയും ഇൻഫർമേഷൻ സെന്ററുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇവയെ കമ്പ്യൂട്ടറൈസഡ് ചെയ്തു. വളരെ വിശദമായി ടൂറിസ്റ്റുകൾക്ക് വ്യക്തവും, കൃത്യവുമായ വിവരങ്ങൾ നൽകുന്നതിന് സാധിച്ചു വരുന്നു.

(2) വെബ്സൈറ്റ് : അഖിലേന്ത്യാടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ച് കമ്പ്യൂട്ടർ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച്, തെരഞ്ഞെടുപ്പു നടത്തി 'ഇൻവിസ് മൾട്ടിമീഡിയ' എന്ന സ്ഥാപനത്തെ ടൂറിസം വകുപ്പിന്റെ വിവര സാങ്കേതികവിദ്യ ഉപദേഷ്ടാക്കളായി നിയമിച്ചു.

1998 ഡിസംബർ മാസത്തിൽ തന്നെ 'കേരള ടൂറിസം ഒ.ആർ.ജി' എന്ന പേരിൽ ടൂറിസം പ്രചാരണത്തിനായി ഒരു വെബ്സൈറ്റ് ടൂറിസം വകുപ്പിന്റെ പേരിൽതന്നെ രജിസ്റ്റർ ചെയ്തു. ഇത് ടൂറിസം രംഗത്തെ ഏറ്റവും വലിയ സൈറ്റുകളിലൊന്നായി. ഈ സൈറ്റിൽ ഇപ്പോൾ പ്രതിമാസം പതിനൊന്നു ലക്ഷത്തിലധികം ഹിറ്റുകൾ കിട്ടുന്നു. പ്രതിമാസം നൂറോളം രാജ്യങ്ങളിൽ നിന്നായി മുപ്പത്തയ്യായിരം സന്ദർശകർ ഇപ്പോൾ സൈറ്റിലെത്തുന്നു.

വെബ്സൈറ്റിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി ഉള്ളടക്കത്തിന്റെ ഫ്രഞ്ച്, ജർമ്മൻ പരിഭാഷകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിലെ പ്രമുഖ കമ്പ്യൂട്ടർ മാസികയായ പി. സി. വേൾഡിൽ ഇന്ത്യയുടെ (1999 ഡിസംബർ) പ്രതിമാസ തെരഞ്ഞെടുപ്പിൽ ഇന്ത്യയിലെ ഏറ്റവും മികച്ച പത്തു സൈറ്റുകളിലെ ഏക ഗവൺമെന്റ് സൈറ്റ് കേരള ടൂറിസം വകുപ്പിന്റേതായിരുന്നു.

ലോക പ്രശസ്ത ട്രാവൽ ഗൈഡ് നിർമ്മാതാക്കളായ ആസ്ത്രേലിയയിലെ ലോൺലി പ്ലാനറ്റ് കമ്പനി പ്രസിദ്ധീകരിച്ച കേരള ഗൈഡിൽ കേരള ടൂറിസം വെബ്സൈറ്റിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

ടൂറിസം വെബ്സൈറ്റിന്റെ ഉള്ളടക്കവും അതു നിർമ്മിക്കാനുപയോഗിക്കുന്ന സാങ്കേതികവിദ്യയും നിരന്തരമായി പരിഷ്ക്കരിക്കുന്നുണ്ട്.

1998 ഡിസംബർ മുതൽ ഇ-മെയിൽ സാങ്കേതികവിദ്യ ഉപയോഗിച്ച് കേരള വിനോദസഞ്ചാര വാർത്തകളടങ്ങിയ പ്രതിവാര വാർത്താ പത്രികകൾ തയ്യാറാക്കി വിവിധ രാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുന്നുണ്ട്.

സംസ്ഥാനത്തെ ഹോട്ടലുകൾക്കും, മറ്റ് ടൂറിസവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും വെബ്സൈറ്റിലൂടെ സൗജന്യമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രചാരം നൽകുന്നുണ്ട്. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ അവസരങ്ങളിൽ ആശംസകൾ കൈമാറുവാനുള്ള സൗജന്യ ഇലക്ട്രോണിക് ആശംസാ കാർഡുകൾ വെബ്സൈറ്റിൽ ഏർപ്പെടുത്തി തുടങ്ങി.

(3) ഗ്രീൻ സിംഫണി - സി. ഡി. റോം

സ്വകാര്യമേഖലയുമായി കൂട്ടുചേർന്ന് കേരളത്തെക്കുറിച്ച് സമഗ്രമായ ഒരു ഇന്റാക്ടീവ് സി. ഡി. റോം (കേരള- ഗ്രീൻ സിംഫണി) തയ്യാറാക്കി കേരള ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ സി. ഡി. റോമിന്റെ കോപ്പികൾ വിദേശ പത്രപ്രവർത്തകർക്കും ഇന്ത്യൻ പത്രപ്രവർത്തകർക്കും ട്രാവൽ ടൂർ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും സൗജന്യമായി അയച്ചുകൊടുത്തു. പതിനായിരത്തിലധികം കോപ്പികൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

ഗ്രീൻ സിംഫണി പ്രസിദ്ധീകരിച്ചു ഒന്നര വർഷത്തിനകം തന്നെ ഉള്ളടക്കം പരിഷ്ക്കരിച്ചു കൂടുതൽ മെച്ചപ്പെടുത്തി. രണ്ടാം പതിപ്പ് പുറത്തിറങ്ങി.

ഫ്രഞ്ച്, ജർമ്മൻ ഭാഷകളിലേക്ക് പ്രസ്തുത സി.ഡി.റോം ഭാഷാന്തരം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ആയുർവേദത്തെക്കുറിച്ച് സമഗ്രമായ ഒരു സി. ഡി. റോം ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിൽ തയ്യാറാക്കി കേരളത്തിന്റെ ആയുർവേദ സമ്പത്ത് അന്താരാഷ്ട്ര ശ്രദ്ധയിലെത്തിച്ച് വിനോദ സഞ്ചാരം വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കേരള ടൂറിസം വെബ്സൈറ്റിന്റെ ഉള്ളടക്കം സി. ഡി. റോമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(4) ടച്ച്-സ്ക്രീൻ കയോസ്ക്കുകൾ

1998-ൽ തിരുവനന്തപുരത്തെ അന്തർദേശീയ വിമാനത്താവളത്തിൽ ടൂറിസം ഇൻഫർമേഷൻ നേരിട്ട് ലഭിക്കാനുള്ള രീതിയിൽ ഒരു ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സ്ഥാപിച്ചു. ഫലപ്രദമാണെന്ന് കണ്ടതിനെ തുടർന്ന് മറ്റ് പ്രധാന കേന്ദ്രങ്ങളിൽ ഇത്തരം കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അനുബന്ധം III

18-12-2000-ലെ നക്ഷത്രചിഹ്നമിട്ട 10 ('X' 90ം) നമ്പർ ചോദ്യം ദയവായി കാണുക

മൃഗ ചികിത്സാ സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി 17 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകളും, 12 സഞ്ചരിക്കുന്ന മൃഗാശുപത്രികളും പ്രവർത്തിക്കുന്നു. അതോടൊപ്പം 51 പോളിക്ലിനിക്കുകളുടെയും പ്രവർത്തനം അപ്രകാരം തിട്ടപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly